ജീവിതത്തെ ആഹ്ലാദഭരിതമാക്കുന്നതിൽ എന്റെ കുടുംബം നൽകിയ സംഭാവന ഇത്രയെന്നു പറയാനാവില്ല.

എന്റെ സാഹിത്യപരമായ സംഭാവനകളെപ്പററി ഇവിടെ എന്തെങ്കിലും പറയണമെന്നു് ഞാൻ കരുതുന്നില്ല. ദീർഘകാലത്തെ പത്രപ്രവർത്തനപരിചയത്തിൽനിന്നു്, മമതാബുദ്ധി വളരെയൊന്നും കൂടാതെ, ഏറെക്കുറെ മററാരാളുടെ കൃതികളെയെന്നപോലെ, എന്റെ കൃതികളെ വസ്തുനിഷ്ഠമായി നോക്കിക്കാണാനും വിലയിരുത്താനും എനിക്കു കഴിയുന്നുണ്ടു്. മലയാളകവിതയ്ക്കു് ഞാൻ നൽകിയ സംഭാവന അഗണ്യമല്ല എന്നാണു് എന്റെ വിശ്വാസം. അതു് എങ്ങനെയിരുന്നാലും, എന്റെ തലമുറ എന്റെ കൃതികളെ യഥാർഹം ആദരിച്ചിട്ടുണ്ടു്. എനിക്കു പ്രതീക്ഷിക്കാവുന്നതിന്റെ പരമാവധിയാണിതു്. വരും തലമുറകൾ എങ്ങനെ പെരുമാറുമെന്നു് ആർക്കറിയാം? കവിതയ്ക്കു പുറമേ, സാഹിത്യനിരൂപണം, പൊതുവിജ്ഞാനം എന്നീ മേഖലകളിലും, എന്റെ പ്രവർത്തനത്തെപ്പററി എനിക്കു നിരാശ തോന്നുന്നില്ല. പരിമിതമായ മൂലധനംകൊണ്ടു് ഇത്രയൊക്കെയല്ലേ ചെയ്യാനാവൂ?

പരസ്പരം ബന്ധപ്പെടാത്ത പല പ്രവർത്തനങ്ങളിൽ സമയം പാഴാക്കാതെ, ഏതെങ്കിലും ഒരു രംഗത്തു് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നുവെങ്കിൽ, കൂടുതൽ കനപ്പെട്ട സംഭാവനകൾ നൽകുവാൻ എനിക്കു കഴിയുമായിരുന്നില്ലേ? പല സുഹൃത്തുക്കളും എന്നോടു് ഈ പ്രശ്നം ഉന്നയിച്ചിട്ടുണ്ടു്. ശരിയാവാം. ഉരുണ്ടുനടക്കുന്ന കല്ലിൽ ഉച്ചപിടിക്കുക പ്രയാസം. ഞാനാണെങ്കിൽ, കുറെയധികം ഉരുണ്ടുനടന്നുമിരിക്കുന്നു. പക്ഷേ, ഈ ഉരുണ്ടുനടക്കലിൽനിന്നു കൈവന്ന അനുഭൂതികൾ എന്റെ ജീവിതത്തെ കൂടുതൽ സ്പൃഹണീയമാക്കിയിട്ടുണ്ടെന്നാണു് എന്റെ ധാരണ. നീക്കിവെപ്പു കുറഞ്ഞുപോയിരിക്കാം; പക്ഷേ, നാളതു് ഉപഭോഗം (കറന്റ് കൺസംപ്ഷൻ) മോശമായിരുന്നില്ല. ജീവിതം എനിക്കു തികച്ചും ആസ്വാദ്യമായിരുന്നു.

ഇങ്ങനെയൊക്കെയാണോ വേണ്ടിയിരുന്നതു്?

സാദ്ധ്യതകൾ, സംഭാവ്യവികല്പങ്ങൾ, അനന്തങ്ങളായിരിക്കേ, ആ ചോദ്യത്തിനു് ഉത്തരമില്ല.

ഒരിക്കൽക്കൂടി ജീവിതമാരംഭിക്കാൻ അവസരം നൽകപ്പെട്ടാൽ, നിങ്ങൾ ഇതൊക്കെത്തന്നെയാണോ ചെയ്യുക?

ഇനിയുമൊരവസരം നൽകപ്പെടുകയില്ലെന്നു് ഏറെക്കുറെ ഉറപ്പുള്ളതിനാൽ ആ ചോദ്യത്തിനു് ഉത്തരം നൽകാൻ ശ്രമിക്കുന്നതു വിഡ്ഢിത്തമായിരിക്കും.

ഒന്നുമാത്രം പറയാം: ഞാൻ സംതൃപ്തനാണു്; കൃതജ്ഞനാണു്; ശുഭപ്രതീക്ഷകനുമാണു്—ഈ എഴുപത്തൊന്നാം വയസ്സിന്റെ തുടക്കത്തിലും.

(1 മെയ്, 1986)

# 58. ഇരിട്ടി കാട്ടിൽ ഒരു രാത്രി

1942 ആഗസ്റ്റിൽ ഞാൻ കാലടി ശ്രീരാമകൃഷ്ണാശ്രമത്തിലെ ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ ആയിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകണമെന്നു് ആവശ്യപ്പെടുന്ന പ്രമേയം കോൺഗ്രസ് പ്രവർത്തകസമിതി പാസ്സാക്കിയതിനെത്തുടർന്നു്, ആഗസ്റ്റ് 8—ാം തീയതി രാത്രി മഹാത്മാ

ഗാന്ധിയെയും മററു കോൺഗ്രസ് നേതാക്കളെയും ഇന്ത്യാ ഗവണ്മെൻറ് അറസ്റ്റ്ചെയ്തു. കോൺഗ്രസ് സംഘടന നിയമവിരുദ്ധമാണെന്നു് പ്രഖ്യാപിക്കപ്പെട്ടു. ജനങ്ങൾക്കിടയിൽ പ്രതിഷേധം ഉയരുകയെന്നതു സ്വാഭാവികമായിരുന്നു. അതിനു മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം ക്രൂരമായ പോലീസ്—പട്ടാളമർദനം അഴിച്ചുവിടപ്പെടുകയായിരുന്നു ഇതിൻെറ ഫലം. ഇന്ത്യയുടെ വിമോചനത്തിനുവേണ്ടിയുള്ള അവസാന സമരമാണ് ഇതെന്നും, ഇതിൽ പങ്കെടുക്കാത്തപക്ഷം എൻെറ ജീവിതം നിഷ്ഫലമായിപ്പോകുമെന്നുമുള്ള ബോധം എനിക്കുണ്ടായി. ഉറങ്ങുന്ന ഒരു ഗ്രാമം മാത്രമായിരുന്ന കാലടിയിലെ ജോലി രാജിവെച്ച് ഞാൻ സമരാഗ്നി ആളിക്കത്തിയിരുന്ന തൃശ്ശൂരിലേക്കു പോയി. ശ്രീ മനസ്സലാത്ത്, ശ്രീ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ മുതലായവരോടു ചേർന്ന്, വിദ്യാലയബഹിഷ്കരണം, നിയമലംഘനം മുതലായ പരിപാടികൾ സംഘടിപ്പിക്കാനുള്ള പരിശ്രമങ്ങളിൽ മുഴുകി.

പരേതനായ ഡോക്ടർ കെ. ബി. മേനോൻെറ നേതൃത്വത്തിൽ, മത്തായി മാഞ്ഞൂരാൻ മുതലായവർ അടങ്ങിയ ഒരു സംഘം, സ്വാതന്ത്ര്യസമരപരിപാടികൾ ആസൂത്രണംചെയ്തു നടത്തുന്നതിനായി കേരളത്തിൽ വന്നെത്തിയതു് ഇക്കാലത്താണ്. ജയപ്രകാശ് നാരായൺ, അച്യുത് പട്വർധൻ, അരുണ അസഫ് അലി മുതലായവർ ഉൾപ്പെട്ട സോഷ്യലിസ്റ്റ് ഗ്രൂപ്പുമായി ഇവർക്കു ബന്ധമുണ്ടായിരുന്നു. മലബാർ പ്രദേശത്തു് ബ്രിട്ടീഷ് ഭരണം അസാദ്ധ്യമാക്കിത്തീർക്കുകയായിരുന്നു ഇവരുടെ ലക്ഷ്യം. ടെലിഫോൺ കമ്പികൾ മുറിച്ച് വാർത്താവിതരണവും പാലങ്ങൾ തകർത്തു് ഗതാഗതവും തടസ്സപ്പെടുത്തുക, സർക്കാരാഫീസുകൾക്കു തീവയ്ക്കുക, സർക്കാരുമായി നിസ്സഹകരിക്കുന്നതിനു ജനങ്ങളെ പ്രേരിപ്പിക്കുക, വിദ്യാർത്ഥികളെയും തൊഴിലാളികളെയും യുവജനങ്ങളെയും സംഘടിപ്പിച്ച് സർക്കാരിനെതിരെ ബഹുജനപ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുക മുതലായവയായിരുന്നു പരിപാടി. എങ്കിലും അക്രമം തീരെ ഒഴിവാക്കണമെന്നു നിഷ്കർഷിച്ചിരുന്നു (പിന്നീടു് ഇവരിൽ മിക്കവരും കീഴരിയൂർ ബോംബ് കേസ്സിൽ ശിക്ഷിക്കപ്പെട്ടു).

ഈ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും, ജനങ്ങളുടെ സമരവീര്യം ഉത്തേജിപ്പിക്കുന്നതിനുമായി 'സ്വതന്ത്രഭാരതം' എന്ന ഒരു വാരിക അച്ചടിച്ചു പ്രസിദ്ധീകരിക്കുവാൻ ഈ സംഘത്തിനു് ഉദ്ദേശ്യമുണ്ടായിരുന്നു. പത്രങ്ങളുടെമേൽ കർശനമായ സെൻസർഷിപ്പുള്ള കാലം. മുഖപ്രസംഗം എഴുതാതെ, ആ സ്ഥലം ഒഴിച്ചിട്ടാണ് മാതൃഭൂമി അക്കാലത്തു പുറത്തുവന്നിരുന്നതു്. സർക്കാർ അനുവദിക്കുന്ന വാർത്തകൾ മാത്രമേ പത്രങ്ങളിൽ വന്നിരുന്നുള്ളു. അതിനാൽ, 'സ്വതന്ത്രഭാരതം' നിയമവിധേയമായി, പരസ്യമായി നടത്തുക സാദ്ധ്യമായിരുന്നില്ല. അതിലെ ഉള്ളടക്കം എഴുതിയുണ്ടാക്കുന്നതും, അച്ചുനിരത്തുന്നതും അച്ചടിക്കുന്നതും, വില്ക്കുന്നതും, വായിക്കുന്നതും എല്ലാം പരമരഹസ്യമായി ചെയ്യേണ്ടിയിരുന്നു. ഈ പത്രം കൈയിൽവെച്ചു എന്ന കുററത്തിനു് അഞ്ചുവർഷം നീണ്ട ജയിൽശിക്ഷവരെ കിട്ടിയവർ ഉണ്ടു്. അതിൻെറ പ്രവർത്തനവുമായി ബന്ധമുണ്ടെന്നു സംശയിക്കപ്പെടുന്നവർക്ക് പോലീസിൻെറ കഠിനമായ മർദനം, ഏതു നിമിഷത്തിലും പ്രതീക്ഷിക്കാവുന്നതായിരുന്നു.

അന്നു് എറണാകുളം മഹാരാജാസ് കോളേജിൽ ഹിന്ദി പ്രൊഫസർ ആയിരുന്ന എ. ചന്ദ്രഹാസൻ (പിന്നീടു് ഇദ്ദേഹം സ്വതന്ത്രഭാരതത്തിൽ കേന്ദ്ര ഹിന്ദി ഡയറക്ടർ ആയി) എന്നെ വിളിച്ചു്, ഈ പത്രം നടത്തുന്നതിൽ സഹായിക്കാമോ എന്നു ചോദിച്ചു. ഏതു സാഹസകൃത്യത്തിനും തയ്യാറായിരുന്ന എനിക്കു് ഇതു് ഈശ്വരൻ തന്ന ഒരു അനുഗ്രഹമായി

തോന്നി. ബോംബെയിൽനിന്നു് കേരളത്തിൽ വന്നിരുന്ന ശ്രീ വി. എ. കേശവൻനായരെയാണു്, മുഖ്യമായും, ഈ ചുമതല ഏല്പിച്ചിരുന്നതു്. കേശവൻനായർ അക്കാലത്തു് ബോംബെയിൽ മാതൃഭൂമി പത്രത്തിന്റെ പ്രതിനിധിയായിരുന്നു. തൃശ്ശൂരിൽനിന്നു് കേശവൻനായരും ഞാനും കോഴിക്കോട്ടേക്കും, അവിടെനിന്നു് തലശ്ശേരിയിലേക്കും പോയി. തലശ്ശേരിയിൽ റെയിൽവേസ്റ്റേഷനടുത്തുള്ള ഒരു മരക്കമ്പനിയായിരുന്നു ഞങ്ങളുടെ താവളം. മരം വാങ്ങാനും വിൽക്കുവാനും പലരും വന്നിരുന്ന അവിടെ അപരിചിതരായ ഞങ്ങൾ രണ്ടുപേർ ആരിലും ഒരു സംശയവും ഉളവാക്കിയില്ല. ഉച്ചയ്ക്ക് ഞങ്ങൾക്കുള്ള ഭക്ഷണം ഒരാൾ അവിടെ എത്തിച്ചുതന്നിരുന്നു. പകൽ ഞങ്ങൾ വായിച്ചും എഴുതിയും ഒരു മുറിയിൽ കഴിച്ചുകൂട്ടി. രാത്രി മാത്രം പുറത്തിറങ്ങി. ഞങ്ങൾ കൊടുത്ത മാറ്റർ സ്വകാര്യമായി ചിലർ (ആരെന്നു് എനിക്കു് ഇപ്പോഴും അറിഞ്ഞുകൂടാ) കമ്പോസ്ചെയ്തു. ഈ ടൈപ്പുകൾ ഫ്രെയ്മിൽ ഇട്ടു മുറുക്കി, ചാക്കിൽ പൊതിഞ്ഞു്, കുടകിൽ മെർക്കരയിലുള്ള ഒരു പ്രസ്സിലേക്കു് ലോറിയിൽ അയച്ചുകൊടുത്തു. കുടകിൽനിന്നു് മലഞ്ചരക്കുകളുമായി തലശ്ശേരിയിൽ എത്തി, ഒഴിഞ്ഞുമടങ്ങുന്ന ലോറികൾ ഇതിനു് ഉപകരിച്ചു. മെർക്കരയിൽ, കർണാടകത്തിൽ അച്ചടി നടത്തുന്ന ഒരു പ്രസ്സിൽ ഈ മാറ്റർ അച്ചടിച്ചെടുത്തു. ഇതിനായി, 'മാതൃഭൂമിയിൽ' ഒരു കമ്പോസിറ്റർ ആയിരുന്ന ശ്രീ ശങ്കരൻവൈദ്യർ മെർക്കരയിൽ താമസിച്ചിരുന്നു. ബീഡിയുടെ പരസ്യം എന്നോ മറ്റോ പറഞ്ഞു് പ്രസ്സുകാരെ വിശ്വസിപ്പിച്ചാണു് ഈ പത്രം അച്ചടിച്ചെടുത്തിരുന്നതു്. അവർക്കാണെങ്കിൽ മലയാളം വായിക്കാൻ അറിയാമായിരുന്നില്ല. അച്ചടിച്ച പത്രം തലശ്ശേരിയിൽ എത്തിക്കഴിഞ്ഞാൽ, അതേറെടുത്തു പല സ്ഥലത്തും എത്തിക്കേണ്ട ചുമതലയും ഞങ്ങൾക്കായിരുന്നു.

തലശ്ശേരിയിൽനിന്നു് കുടകിലേക്കു പോകുന്ന വഴിക്കുള്ള ഇരിട്ടിയിൽ ചെന്നു താമസിച്ചാൽ ഈ പണി കൂടുതൽ സുരക്ഷിതമായി നടത്താമെന്നു് ചിലർ ഞങ്ങളെ ഉപദേശിച്ചു. തിരുവിതാംകൂറിലെ മീനച്ചിൽ—കോട്ടയം പ്രദേശങ്ങളിൽനിന്നു് മലബാറിലെ വനഭൂമികളിലേക്കു വൻതോതിൽ കുടിയേറ്റം നടന്നിരുന്ന കാലമായിരുന്നു അതു്. ഇരിട്ടിയിൽ കല്യാട്ടു് യജമാനന്റെ വക വിസ്തൃതമായ വനപ്രദേശത്തു് കുറെ ഏക്കർ സ്ഥലം ഞങ്ങൾക്കു വാങ്ങിത്തരാൻ ഒരു മാന്യൻ തയ്യാറായി. പോലീസ് അന്വേഷണം വന്നാൽ, ഇരിട്ടിയിൽ പാർക്കുന്നതിനു ന്യായമായ കാരണം കാണിക്കുന്നതിനായി, ഈ സ്ഥലം ഞങ്ങൾക്കു വിറ്റതായി തീറാധാരം രജിസ്റ്റർ ചെയ്യാനും അദ്ദേഹം ഒരുക്കമായിരുന്നു. വിശ്രുത ഹാസ സാഹിത്യകാരനായിരുന്ന സഞ്ജയൻ ആണു് ഇതിനു വേണ്ട ഏർപ്പാടുകൾ ചെയ്തതു്. ഞങ്ങളുടെ ശരിയായ പേരുകളിൽ തീറാധാരം എഴുതാതെ, കേശവൻനായരുടെ ബോംബെയിൽ പാർക്കുന്ന ഒരു സുഹൃത്തിന്റെ പേരിൽ അതു് എഴുതിച്ചു. ആധാരം രജിസ്റ്റർ ചെയ്തില്ല. അതിനു മുമ്പു സംഗതികൾ കഴിഞ്ഞു.

ഞാനും ശ്രീ കേശവൻനായരും ഇരിട്ടിയിൽ ചെന്നു. ഇരിട്ടിപ്പുഴ കടന്നു് കുറെ പോകണമായിരുന്നു ഞങ്ങൾക്കു കിട്ടിയ സ്ഥലത്തേക്കു്. നിബിഡമായ വനം. അതിനുള്ളിൽ ചെങ്കല്ലുകൊണ്ടു ഭിത്തി കെട്ടി ഓടുമേഞ്ഞ ഒരു ചെറിയ ഇരുനിലപ്പുര. താഴെയും മുകളിലും ഓരോ മുറികൾ മാത്രം. മുറികൾക്കു് ഓരോ വാതിലും ജനലും. കതകുകൾ ഇല്ല. താഴെനിന്നു മുകളിലേക്കു കയറാൻ ഒരു ചെറിയ മരക്കോണി. നായാട്ടുകാർക്കു് രാത്രി കഴിച്ചുകൂട്ടുവാൻ ഉണ്ടാക്കിയതായിരുന്നു ഈ വീടു്. ഈ വീടും അതിനു ചുറ്റുമായി അഞ്ചു് ഏക്കർ സ്ഥലവുമാണു് ഞങ്ങൾക്കു കിട്ടിയിരുന്നതു്. തിരുവിതാംകൂറിൽനിന്നുള്ള കുടിയേറ്റക്കാർ എന്ന

നിലയിൽ ഞങ്ങൾ ഇവിടെ താമസിക്കുകയും, മരം മുറിച്ചു വില്ക്കുകയും കപ്പക്കൃഷി ചെയ്യുകയും വേണം. അതോടൊപ്പം ടൈപ്പുകൾ സംഭരിച്ച് ഒരു ചെറിയ ഭൂഗർഭപ്രസ് ഉണ്ടാക്കണം. കമ്പോസ് ചെയ്ത് ടൈപ്പുകൾ ഫ്രെയിമിൽ മുറുക്കി കുടകിൽ കൊണ്ടുപോയി പത്രം അച്ചടിച്ചെടുക്കണം. അങ്ങനെ കമ്പോസിങ്ങിലുള്ള പരാശ്രയം ഒഴിവാക്കണം. ഇതിനായി ഞാൻ എറണാകുളത്തു് സനാതനധർമം പ്രസ്സിൽ ഏതാനും ദിവസം അപ്രൻറീസ് ആയി കമ്പോസിങ്ങും മററും പഠിച്ചു.

ഞങ്ങൾ ഇരിട്ടിയിൽ ചെല്ലുമ്പോൾ ഞങ്ങളുടെ വനഗൃഹത്തിൽ വേറെ ഒരു കുടുംബം പാർത്തിരുന്നു. തിരുവിതാംകൂറിൽ എവിടെയോ നിന്നു വന്നവർ. ഗൃഹനാഥൻ അമ്പതോ, അറുപതോ വയസ്സുള്ള ഒരു കാവിവസ്ത്രധാരി. അയാളുടെ ഭാര്യയായ ഒരു സ്ത്രീ. അവർക്കു് അഞ്ചും മൂന്നും വയസ്സുള്ള രണ്ടു കുട്ടികൾ. ഭിക്ഷാടനമാണു് പകൽ തൊഴിൽ. രാത്രി വീട്ടിലെത്തി താഴത്തെ മുറിയിൽ കഞ്ഞിവെച്ചു കുടിച്ചു കിടക്കും. ഏതാനും ദിവസങ്ങൾക്കകം സ്ഥലം ഒഴിഞ്ഞുതരാമെന്നു് അവർ പറഞ്ഞു. ഞങ്ങൾ മുകളിലെ മുറിയിൽ പാർപ്പാക്കി. പുഴയ്ക്കു് അക്കരെയുള്ള ഹോട്ടലിൽ ഉച്ചഭക്ഷണം കഴിച്ചു. അത്താഴത്തിനും പ്രാതലിനുമായി അവലും നേന്ത്രപ്പഴവും ശർക്കരയും കാപ്പിപ്പൊടിയും മററും വാങ്ങി സംഭരിച്ചു. ഇവയിൽ പങ്കുപററുവാൻ താഴത്തെ മുറിയിലെ കുടുംബത്തിനു് ഒരു വൈഷമ്യവുമുണ്ടായിരുന്നില്ല.

ഞങ്ങളുടെ വനവാസം രണ്ടു ദിവസമേ ഉണ്ടായുള്ളു. മെർക്കരയിൽ നിന്നു പത്രം അച്ചടിച്ചു കിട്ടാൻ താമസിച്ചപ്പോൾ, വിവരം അന്വേഷിക്കാൻ ഞാൻ അങ്ങോട്ടു പോയി. കുഞ്ഞിക്കണ്ണൻ എന്ന ഒരു തുന്നൽക്കാരനായിരുന്നു അവിടെ ഞങ്ങളുടെ 'കോണ്ടാക്ട്'. കമ്പോസിററർ ശങ്കരൻ വൈദ്യരെ പോലീസ് അറസ്റ്റ്ചെയ്തു എന്നും, പ്രസ്സ് പൂട്ടി മുദ്രവെച്ചു എന്നും കുഞ്ഞിക്കണ്ണൻ എന്നോടു പറഞ്ഞു. ഉടൻതന്നെ എന്നെ ബസ്സ് കയററി തിരികെ അയയ്ക്കുകയുംചെയ്തു. ഇരിട്ടിയിൽ തിരിച്ചെത്തി വിവരം ഞാൻ പറഞ്ഞപ്പോൾ ഭാവി പരിപാടികൾ ആസൂത്രണം ചെയ്യാൻ താൻ ഉടനെ കോഴിക്കോട്ടു പോകാമെന്നു് കേശവൻനായർ നിർദേശിച്ചു. എന്നോടു് കണ്ണൂരിൽ ഒരു സുഹൃത്തിന്റെ വീട്ടിൽ താമസിക്കാൻ പറഞ്ഞു. ഞങ്ങളുടെ കിടപ്പുസാമാനങ്ങളും വസ്ത്രങ്ങളും വെപ്പുപാത്രങ്ങളും കൈവശമുണ്ടായിരുന്ന രണ്ടു പുസ്തകങ്ങളും അവിടെ വിട്ടു്, താമസിയാതെ തിരിച്ചുവരാമെന്ന പ്രത്യാശയുമായി, ഞങ്ങൾ ഇരിട്ടിയിൽനിന്നു പോന്നു.

മെർക്കരയിലെ അച്ചടി സൗകര്യം നഷ്ടപ്പെട്ട സ്ഥിതിക്കു് ഇരിട്ടിയിൽ ഞങ്ങൾ താമസിക്കേണ്ട യാതൊരു കാര്യവുമില്ലെന്നായിരുന്നു കോഴിക്കോട്ടെ സഹപ്രവർത്തകരുടെ അഭിപ്രായം. പകരം, പട്ടാമ്പിയിൽ ചെന്നു താമസിക്കാനും, അവിടെ ഒരു ചെറിയ പ്രസ്സ് സ്വകാര്യമായി സംഘടിപ്പിക്കാനും ഞങ്ങളോടു് അവർ നിർദേശിച്ചു. ഒരു സുഹൃത്തിന്റെ സഹായത്താൽ ശ്രീ കേശവൻനായർക്കു് റെയിൽവേസ്റ്റേഷനടുത്തു് ഒരു വീടു കിട്ടി. സ്വകാര്യമായി പഠിച്ചു ചേരാവുന്ന മദ്രാസ് സർവകലാശാലയുടെ വിദ്വാൻ, ബി. ഒ. എൽ. എന്നീ പരീക്ഷകൾക്കു തയ്യാറെടുക്കുന്നതിനാണു ഞങ്ങൾ പട്ടാമ്പിയിൽ താമസിക്കുന്നതു് എന്നാണു് അവിടെയുള്ളവരോടു് ശ്രീ കേശവൻനായർ പറഞ്ഞതു്. ഇത്തരം പരീക്ഷാർത്ഥികൾ അന്നു് പട്ടാമ്പിയിൽ അസാധാരണമായിരുന്നില്ല.

ഈ ഏർപ്പാടുകൾ ചെയ്തശേഷം, ഇരിട്ടിയിൽച്ചെന്നു ഞങ്ങളുടെ സാധനങ്ങൾ എടുത്തുകൊണ്ടുവരാൻ കണ്ണൂരിൽ എനിക്കു നിർദേശം കിട്ടി. കണ്ണൂരിൽനിന്നു ബസ്സ് കയറി ഞാൻ ഇരിട്ടിയിൽ എത്തിയപ്പോൾ സന്ധ്യകഴിഞ്ഞിരുന്നു. ഇരുട്ടിലൂടെ നടന്നു് ഞാൻ വനമദ്ധ്യത്തിലുള്ള

ഞങ്ങളുടെ താവളത്തിൽ എത്തി. താഴത്തെ മുറിയിലെ പാർപ്പുകാരെ അവിടെ കണ്ടില്ല. മുകളിൽ കയറി നോക്കിയപ്പോൾ, ഞങ്ങളുടെ കിടപ്പു സാമാനങ്ങളും, വസ്ത്രങ്ങളും, പാത്രങ്ങളും—എന്തിനു്, പുസ്തകങ്ങൾകൂടി യും—അവർ കൊണ്ടുപോയിരിക്കുന്നതായി അറിവായി.

ഇരുണ്ട രാത്രി. കൊടുംകാടു്, കതകുകളില്ലാത്ത ശൂന്യഗൃഹം. ചീറി യടിക്കുന്ന തണുത്ത കാററു്. അകലെ പുഴ പാറകളിൽ തടഞ്ഞു് ഒലി ക്കുന്ന ഇരമ്പം. ഇടയ്ക്കിടെ ഞാനറിയാത്ത മൃഗങ്ങളുടെയും പക്ഷികളുടെയും ശബ്ദങ്ങൾ. സാന്ദ്രമായ ഏകാന്തത.

ഉറക്കംവരാതെ ഞാൻ ആ നിലത്തു കുത്തിയിരുന്നു. പല വികാരങ്ങ ളായിരുന്നു മനസ്സിൽ. തീർച്ചയായും ഭയം അവയിൽ പ്രധാനപ്പെട്ട ഒരു വികാരമായിരുന്നു.

ഞാൻ എന്റെ ഭൂതകാലത്തെയും വർത്തമാനകാലത്തെയുംപററി ആലോചിച്ചു. കുടുംബാംഗങ്ങളെപ്പററി ആലോചിച്ചു. രാജ്യത്തിലെ സമകാല യാഥാർത്ഥ്യങ്ങളെപ്പററി ആലോചിച്ചു. യൂറോപ്പിൽ പൊരി ഞ്ഞുനടക്കുന്ന യുദ്ധത്തെപ്പററി ആലോചിച്ചു. ദക്ഷിണപൂർവേഷ്യയിലെ സംഭവവികാസങ്ങളെപ്പററി ആലോചിച്ചു.

ആലോചനകളിൽനിന്നു രക്ഷപ്പെടാനായി ഞാൻ മുമ്പു് ഉരുവിട്ടു പഠിച്ചിരുന്ന പാണിനിയുടെ അഷ്ടാദ്ധ്യായീ സൂത്രപാഠം എന്ന സംസ്കൃ തവ്യാകരണത്തിന്റെ ആധാരഗ്രന്ഥം അല്പം ഉറക്കെ ആദ്യംമുതൽ, ചൊല്ലാൻ തുടങ്ങി.

ആ വീടിന്റെ മൂലയോടുകൾക്കിടയിൽ കുടിപാർത്തിരുന്ന എലി കൾ അതിനു മുമ്പും പിമ്പും അത്തരം ചില ശബ്ദങ്ങൾ കേട്ടിരിക്കയില്ല.

അന്നെനിക്കു് ഇരുപത്തിയാറു വയസ്സായിരുന്നു. ഇപ്പോൾ എനിക്കു് എഴുപതു വയസ്സു കഴിഞ്ഞിരിക്കുന്നു. നാല്പത്തിനാലു വർഷം മുമ്പു്, കാട്ടിലെ ആ രാത്രിയെപ്പററി ആലോചിക്കുമ്പോൾ ഇന്നു് എന്റെ മന സ്സിൽ ഉളവാകുന്ന വികാരം എന്താണു്? ആഹ്ലാദം? പരിഹാസം? ഗൃഹാ തുരത്വം? എന്തായാലും, അത്യന്തം സംതൃപ്തികരമാണു് ആ വികാരം.

(10 സെപ്തംബർ, 1986)

# 59. ലളിതാംബിക അന്തർജനം

മലയാള സാഹിത്യത്തറവാട്ടിന്റെ വിശാലമായ എട്ടുകെട്ടിൽ അഭ്യർഹി തമായ ഒരു ഭാഗത്തു് അരനൂററാണ്ടുകാലമായി നിസ്തുലശോഭയോടെ ജ്വലിച്ചുനിന്നിരുന്ന ആ ഭദ്രദീപം 1987 ഫെബ്രുവരി 6–ാം തീയതി പൊലിഞ്ഞുപോയി. പാലായിൽ രാമപുരത്തുള്ള അമനകര ഇല്ലത്തു വെച്ചു് എഴുപത്തെട്ടാം വയസ്സിൽ ശ്രീമതി ലളിതാംബിക അന്തർജനം അന്തരിച്ചു.

കവിതാസമാഹാരങ്ങളും കഥാസമാഹാരങ്ങളും കുട്ടികൾക്കുള്ള പുസ്തകങ്ങളും സാഹിത്യപഠനങ്ങളും ആത്മകഥയും നോവലുമായി ഇരു പത്തഞ്ചോളം കൃതികൾ അവരുടെ വകയായി ഉണ്ടെങ്കിലും, അറുപത്തേ ഴാം വയസ്സിൽ പ്രസിദ്ധീകരിച്ച 'അഗ്നിസാക്ഷി' എന്ന ചെറിയ നോ വലിലൂടെയായിരിക്കും ലളിതാംബിക അന്തർജനം കേരളീയ സഹൃദയ രുടെ സ്മരണയിൽ ശാശ്വത പ്രതിഷ്ഠ നേടുക എന്നു തോന്നുന്നു. ഓടക്കുഴൽ അവാർഡു്, കേരളസാഹിത്യ അക്കാദമി അവാർഡു്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡു്, വയലാർ അവാർഡു് അങ്ങനെ പുരസ്കാരങ്ങളുടെ